©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 നവംബർ 24<br>24th November 2020<br>1196 വൃശ്ചികം 9<br>9th Vrischikam 1196<br>1942 അഗ്രഹായനം 3<br>3rd Agrahayana 1942 | നമ്പർ<br>No. 46 |

## PART III

## Commissionerate of Land Revenue

## Kunnathoor Taluk

പരസ്യം

നമ്പർ എ3-5655/2020. 2020 നവംബർ 3.

കുന്നത്തൂർ താലൂക്കിൽ ശൂരനാട് വടക്ക് വില്ലേജിൽ പടിഞ്ഞാറ്റ കിഴക്ക് മുറിയിൽ കളീക്കൽ പുത്തൻ വീട്ടിൽ ഷിബു വർഗ്ഗീസ്, 24-7-2020-ാം തീയതി മരണമടഞ്ഞതിനാൽ പരേതന്റെ പേരിൽ ലഭിക്കുവാനുള്ള വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് അവകാശ സർട്ടിഫിക്കറ്റിനുവേണ്ടി പരേതന്റെ ഭാര്യ റെൻസി ഷിബു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ഈ അപേക്ഷയിൻമേൽ ശൂരനാട് വടക്ക് വില്ലേജാഫീസർ മുഖാന്തിരം നടത്തിയ അന്വേഷണത്തിലും അവകാശ വിചാരണയിലും അയൽസാക്ഷി മൊഴിയിലും മരണ സർട്ടിഫിക്കറ്റ് പ്രകാരവും ഷിബു വർഗ്ഗീസ്, 24-7-2020-ാം തീയതി മരണമടഞ്ഞതായും പരേതന്റെ അവകാശികളായി ചുവടെ ചേർക്കുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | റെൻസി ഷിബു | ഭാര്യ | 31 |
| 2 | അനോൺ ഷിബു | മകൻ | 7 |

പരേതന്റെ പിതാവ് ജീവിച്ചിരിപ്പില്ല. മരണമടഞ്ഞ ഷിബു വർഗ്ഗീസിന്റെ പേരിൽ മേൽപ്രകാരം ലഭിക്കാനുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുള്ള നിയമാനുസൃത അവകാശികൾ മേൽപറഞ്ഞ 1-ഠ 2-ഠ കക്ഷികൾ ആണെന്ന് വിവരിച്ച് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കുന്നത്തൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖമൂലം സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞും തപാലിലും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കുന്നത്തൂർ. തഹശീൽദാർ.

## Pathanapuram Taluk

പരസ്യം

നമ്പർ എൻ2-5788/2020. 2020 ഒക്ടോബർ 14.

പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നെടുമ്പറമ്പ് എന്ന സ്ഥലത്ത് ആനന്ദവിലാസം വീട്ടിൽ ഫസലുദീൻ 27-7-2019-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പത്തനാപുരം സെൻട്രൽ ബാങ്ക്, പത്തനാപുരം എസ്. ബി. ഐ. എന്നിവിടങ്ങളിൽ ഹാജരാക്കുന്നതിനും പരേതന്റെ പേരിലുള്ള വാഹന രജിസ്ട്രേഷൻ മാറ്റുന്നതിനും മറ്റാവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ഹയറുന്നിസ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ പരേതന്റെ അവകാശികളാണെന്നറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | മരണപ്പെട്ട കക്ഷിയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഹയറുന്നിസ | ഭാര്യ | 51 |
| 2 | മുഹമ്മദ് റാഷിദ് | മകൻ | 31 |
| 3 | മുഹമ്മദ് റാഷിക്ക് | ,, | 29 |
| 4 | രഹ്ന ഫാത്തിമ | മകൾ | 27 |
| 5 | റെന ഫാത്തിമ | ,, | 14 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ക്രമനമ്പർ 5-ാം കക്ഷി മൈനറും 1-ാം കക്ഷിയുടെ സംരക്ഷണയിലുമാണ്. ആയതിനാൽ ക്രമനമ്പർ 1 മുതൽ 5 വരെ കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പത്തനാപുരം. തഹശീൽദാർ.

# PATHANAMTHITTA DISTRICT

## Kozhencherry Taluk

പരസ്യം

നമ്പർ എ5-6414/2020. 2020 സെപ്റ്റംബർ 30.

കോഴഞ്ചേരി താലൂക്കിൽ പത്തനംതിട്ട വില്ലേജിൽ പേട്ട മുറിയിൽ പീരു വീട്ടിൽ മീരാണ്ണൻ മീര, എം. എന്നയാൾ 7-7-2020-ൽ മരണപ്പെട്ടതിനാൽ വിവിധ ആവശ്യങ്ങൾക്കുള്ള ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി പരേതന്റെ ഭാര്യ നസീമ ബീവി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ നിന്നും പരേതന്റെ അവകാശികൾ താഴെ പറയുന്നവരാണെന്ന് അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | നസീമ ബീവി | ഭാര്യ | 68 |
| 2 | അബ്ദുൾ ഖാദർ | മകൻ | 47 |
| 3 | അബ്ദുൾ വസിം, എം. | ,, | 45 |
| 4 | റസീന | മകൾ | 40 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതും പരേതന് മറ്റ് അവകാശികൾ ആരുംതന്നെ ഇല്ല എന്ന് അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ്. ആകയാൽ മേൽ പറഞ്ഞവർ മാത്രമാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ടി പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ കോഴഞ്ചേരി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കോഴഞ്ചേരി. തഹശീൽദാർ.